# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് - **പാറശാല**

**ഗ്രാമപഞ്ചായത്ത്- പാറശ്ശാല**

**വാർഡ് - നെടിയാംകോഡ് (2)**

**തീയതി - 26/10/2019**

**സമയം - 4:45 pm**

**സ്ഥലം - നെടിയാംകോഡ്, മെയ്പുരം LP സ്കൂൾ**

# ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## പാറശ്ശാല പഞ്ചായത്ത്

പാറശ്ശാല വില്ലേജ് യൂണിയൻ ആയിരുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ. 1952 ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വില്ലേജ് യൂണിയൻ പഞ്ചായത്തായിമാറി. 1953 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റ് ആയി.

ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും സാക്ഷരർ ആണ്. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്.

### അടിസ്ഥാന വിവരങ്ങൾ

വില്ലേജ് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 20.02 ച സെ മി

വാർഡുകളുടെ എണ്ണം - 23

**അതിരുകൾ**

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - ചെങ്കൽ പഞ്ചായത്ത്

തെക്ക് - അറബിക്കടൽ

വടക്ക് - പെരുങ്കടവിള ബ്ലോക്ക്

**നെടിയാംകോട് വാർഡ്**

കൃഷിയിലുടെയും ചെറുകിട കച്ചവടങ്ങളിലുടെയും സാന്നിധ്യത്താൽ നിറഞ്ഞതാണ് നെടിയാംകോട് വാർഡ് തോടുകളും കുളങ്ങളും വാർഡിന്റെ അഴകിന് ചാരുതയേകുന്നു. ബണ്ട്കളുടെ സാനിധ്യം ജലക്ഷാമം ദൂരികരിക്കുന്നു.

**അതിരുകൾ**

തെക്ക് - കോട്ടയ്ക്കകം

വടക്ക് - കാരക്കോണം

കിഴക്ക് - പുല്ലൂർ കോണം

പടിഞ്ഞാറ് - കൊല്ലയിൽ

ജനസംഖ്യ -3000

വീടുകൾ - 600

കുടുംബശ്രീ യൂണിറ്റുകൾ - 19

പൊതു കുളങ്ങൾ - 5

നീർച്ചാലുകൾ - 2

തോടുകൾ - 6

അംഗനവാടികൾ -2

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം - 189

സജീവതൊഴിലാളികളുടെ എണ്ണം - 171

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് , പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 2 ൽ (നെടിയാംകോഡ് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

ആദ്യഘട്ടം:
പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 2 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:
2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:
പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:
ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും
.
അഞ്ചാം ഘട്ടം:
ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

**സോഷ്യൽ ഓഡിറ്റ്**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ .ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1.തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

## 7 Registers പരിശോധന വിശദാംശങ്ങൾ

### 1. job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)

189 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 40 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ എന്നിവയുടെ രേഖപ്പെടുത്തൽ ഉണ്ടായിരുന്നില്ല. 18 തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല.

### 2. Demand register, payment of allocation of work

(ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)

ഓരോ തൊഴിലാളികളും എത്ര ദിവസം ജോലി ചെയ്തു, അവരുടെ വേതനം മസ്റ്ററോൾ നമ്പർ, വർക്ക് കോഡ് എന്നിവ ഉണ്ടായിരുന്നു.

### 3. work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )

* 80 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

* 2018 -19, 2019- 20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

**4. Fixed asset register (.** പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ**)**

31/3/2018 വരെ പൂർത്തീകരിച്ച് പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**5.** പരാതി **register**

* 20/4/2018 ൽ രജിസ്റ്റർ ചെയ്ത പരാതി (തമിഴ്നാട്ടിൽ ഫാം പോണ്ട് നിർമ്മിച്ചതിന് AE/ ഓവർ സീനിയർ എന്നിവർക്കെതിരെ)

* 25 /4 /2018 വ്യാജ ഒപ്പ് രേഖപ്പെടുത്തി എന്ന പരാതിയും ഇവരണ്ടും പരിഹരിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു.

* തുടർന്ന് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

**6. Material register (.** സാധന രജിസ്റ്റർ **)**

2017 -18 മുതൽ 2019- 20 സാമ്പത്തിക വർഷം വരെയുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**7. ഗ്രാമസഭ രജിസ്റ്റർ**

14 /2 /2008 മുതലുള്ള ഗ്രാമസഭ മിനിറ്റസുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മിനിറ്റസുകൾ പൂർണ്ണം അല്ലായിരുന്നു

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ
18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്
20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി
22) സൈറ്റ് ഡയറി

## ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

1) മണ്ണ് ജലസംരക്ഷണപ്രവൃത്തി

WC/328920

ആരംഭിച്ചത്:4/ 10 /2018

അവസാനിച്ചത്: 16 /12 /2018

2) മണ്ണ് ജലസംരക്ഷണപ്രവൃത്തി

WC/336803

ആരംഭിച്ചത്:31/12/ 2018

അവസാനിച്ചത്:18/1/2019

3) മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

WC/328918

ആരംഭിച്ചത്: 4 /10/ 2018

അവസാനിച്ചത്: 27/ 11/2018

ചിലവായ തുക:4, 41, 111/-

4) മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

WC/328919

ആരംഭിച്ചത്:4/10/2018

അവസാനിച്ചത്:16/12/2018

ചിലവായ തുക:4, 90866/-

5)മണ പഴിഞ്ഞി മുതൽ തെക്കേക്കര തോട് വരെ പുനരുദ്ധാരണം

WC/310977

ആരംഭിച്ചത്:7/3/ 2019

അവസാനിച്ചത്:14/3/2019

6) ചരിഞ്ഞ കാല മുതൽ ചിറ വരെ ചാനൽ പുനരുദ്ധാരണം

WC/321151

ആരംഭിച്ചത്:31/12/2018

അവസാനിച്ചത്:18/1/2019

എസ്റ്റിമേറ്റ് തുക:1, 35, 000/-

7) നെടിയാംകോട് മുതൽ കുരുന്തിയൂർ വരെ ചാനൽ പുനരുദ്ധാരണം

WC/321150

ആരംഭിച്ചത് :5 /2/ 2019

അവസാനിച്ചത്:29/6/2019

എസ്റ്റിമേറ്റ് തുക:1, 92, 000/-

8)വണ്ടിചിറ മുതൽ കൊല്ലിയോട് വരെ ചാനൽ പുനരുദ്ധാരണം

WC/321153

ആരംഭിച്ചത് :24 /12 /2018

അവസാനിച്ചത്: 18 /1 /2019

എസ്റ്റിമേറ്റ് തുക:1, 47, 900

9) നെടിയാംകോട് മുതൽ ചരിഞ്ഞ കാല വരെ ചാനൽ പുനരുദ്ധാരണം

WC/321155

ആരംഭിച്ചത്: 18 /12 /2018

അവസാനിച്ചത് :22/ 1 /2019

എസ്റ്റിമേറ്റ് തുക:1, 23, 000/-

10) മണപഴഞ്ഞി മുതൽ പിണറകാല വരെ ചാനൽ പുനരുദ്ധാരണം

WC/321154

ആരംഭിച്ചത്: 18/12/ 2018

അവസാനിച്ചത്: 23 1 2019

## ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

1.അസറി ലില്ലി wC/378928

2.ദീപ WC/378929

3.രാജിനി WC/378926

4.ബിനുകുമാർ WC/378931

5.സുനിൽ WC/413314

6.എഡിസൺ WC/423183

7.രത്നാബായി WC/408599

8.ചന്ദ്രിക WC/408602

9.രാധിക WC/408600

10.ശാലിനി WC/408601

11.ശാന്തമോൾ WC/378930

12.ജയമോഹനദാസ് WC/408606

**ഫയൽ**

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ട രേഖകൾ ഉണ്ടായിരുന്നില്ല.
- മസ്റ്റർറോൾ, വേജ് ലിസ്റ്റ്, എന്നിവ കൃത്യമായി രേഹപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ആധാർ, കരംതീർത്ത രസീത്, പാൻ ബുക്ക് പകർപ്പ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു.
- വി ഇ ഒ യുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു.
- 70-90 ദിവസം വരെയുള്ള മസ്റ്റർറോളുകൾ  ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

**ഫീൽഡ്**

- ഫീൽഡ്തല പരിശോധനയിൽ നിർമാണം കഴിഞ്ഞ 2 വീടുകളും നിർമാണം നടന്നുകൊണ്ടിരിക്കുന്ന 10 വീടുകളുമാണ് കാണാൻ സാധിച്ചത്.
- 3 ഘട്ടങ്ങളിലും ഉള്ള തുക ലഭിച്ചതായി മനസിലാക്കാൻ സാധിച്ചു.

## മണ്ണ് ജല സംരക്ഷണ പ്രവർത്തനം w/c 328920



**ഫയൽ**

- കവർ പേജ് പൂർണമായിരുന്നു.
- തൊഴിലിനായി ഡിമാൻഡ് ചെയ്ത 65 പേരും പ്രോജക്ട് മീറ്റിങ്ങിൽ പങ്കെടുത്തിട്ടുണ്ട്.
- സൈറ്റ് ഡയറിയിൽ പ്രവർത്തി പൂർത്തിയാക്കിയ ദിവസം രേഖപ്പെടുത്തിയിട്ടില്ല.
- 5തൊഴിലാളികളുടെ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഫീൽഡ്**

- എം ബുക്ക് പ്രകാരം 151 മഴക്കുഴികൾ, 472 തെങ്ങിൽ കുഴികൾ, 53 കമ്പോസ്റ്റ് കുഴികൾ, എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ 56 മഴക്കുഴികൾ, 357 തെങ്ങിൻ കുഴികൾ, 22 കമ്പോസ്റ്റ് കുഴികൾ എന്നിവയാണ് കാണാൻ സാധിച്ചത്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.
- കമ്പോസ്റ്റ് കുഴികളിൽ വാഴനട്ടിരിക്കുന്നതാണ്കാണാൻ സാധിച്ചത്.
- മഴക്കുഴികൾ, കമ്പോസ്റ്റ് കുഴികൾ എന്നിവ തിരിച്ചറിയാൻ പറ്റാത്ത വിധം കളകൾ നിറഞ്ഞതായിരുന്നു.
- ധനം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.

# മണ്ണ് ജലസംരക്ഷണം WC/336803



**ഫയൽ**

• AMC പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ തൊഴിലിനുപയോഗിച്ച തുക രേഹപ്പെടുത്തിയിട്ടില്ല.

• തൊഴിലിനു ഡിമാൻഡ് ചെയ്ത നൂറ്റിയൊന്നു പേരും പ്രൊജക്റ്റ് മീറ്റിംഗിൽ ഉൾപെട്ടിട്ടുണ്ട്.

• മാസ്റ്റർറോളുകൾ ക്രമരഹിതമായ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

ഭരണാനുമതി സാങ്കേതിക അനുമതി എന്നിവ ഫയലിൽ ഉണ്ടായിരുന്നു എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• പ്രവർത്തിയുടെ 3 ഘട്ടങ്ങളുടെയും ഫോട്ടോകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• സൈറ്റ് ഡയറിയിൽ തൊഴിൽ ആരംഭിച്ച തിയതി 5/2/19 എന്നും അവസാനിച്ച തിയതി 19/3/19 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കവർ പേജിൽ തൊഴിൽ ആരംഭിച്ച തിയതിയിലും അവസാനിച്ച തീയതിയിലും വ്യത്യാസമുണ്ട്(31/12/18-18/1/19)

• തൊഴിലിന് അപേക്ഷിച്ചുകൊണ്ട് 8 ഭൂവുടമകളുടെ പേരും, കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഫീൽഡ്**

• M book പ്രകാരം 284 തെങ്ങിൻ കുഴികൾ 96 മഴക്കുഴികൾ 10കമ്പോസ്റ്റ് കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു

• ഫീൽഡ് തല പരിശോധനയിൽ 243 തെങ്ങിൻ കുഴികൾ 21 മഴക്കുഴികൾ 6 കമ്പോസ്റ്റ് കുഴികൾ എന്നിവയാണ് കാണാൻ സാധിച്ചത്

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

# മണ്ണ് ജലസംരക്ഷണപ്രവൃത്തി w/c 328918



**ഫയൽ**

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• തൊഴിലിന് ഡിമാൻഡ് ചെയ്താൽ 82 പേരും പ്രോജക്റ്റ് മീറ്റിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്.

• പണിയായുധങ്ങളുടെ വിവരങ്ങൾ, ബില്ലുകൾ എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടുണ്ട്.

• പ്രവർത്തി ചെയ്തതിന്റെ മൂന്ന് ഘട്ടങ്ങളുടെയും ഫോട്ടോകൾ ഉണ്ടായിരുന്നു.

• മസ്ട്രോളിൽ പ്രവർത്തി ആരംഭിച്ച തീയതിയും മസ്ട്രോൾ അച്ചടിച്ച തീയതിയും ഒന്നായിരുന്നു.

• തൊഴിലിന് അപേക്ഷിച്ചു കൊണ്ട് 14 ഭൂഉടമയുടെ പേരും, കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• സൈറ്റ് ഡയറിയിൽ അഞ്ചുപേരുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു. സന്ദർശക കുറിപ്പിൽ AE, ഓവർസിയർ എന്നിവരുടെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 428 തെങ്ങിന് കുഴി, 225 മഴക്കുഴി, 10 കമ്പോസ്റ്റ് കുഴി എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 307 തെങ്ങിൻ കുഴികൾ കാണാൻ സാധിച്ചു. മഴക്കുഴികൾ എണ്ണിത്തിട്ടപ്പെടുത്താൻ ആകാത്തവിധം മണ്ണു നിറഞ്ഞിരുന്നു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

• ധനം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു

# മണ്ണ് ജലസംരക്ഷണം WC/ 328919



**ഫയൽ**

- എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ അപൂർണ്ണമായിരുന്നു.
- പ്രോജക്റ്റ് മീറ്റിങ്ങിൽ 64 പേർ പങ്കെടുത്തു. അതിൽ 59 പേർ തൊഴിലിനായി ഡിമാൻഡ് ചെയ്തിട്ടുണ്ട്.
- വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.
- മസ്റ്റ് റോളുകൾ ഏഴെണ്ണം ഉണ്ടായിരുന്നു തുടർച്ചയായി തൊഴിലിന് ഹാജരാകാത്തവരുടെ പേരുകൾ രേഖപ്പെടുത്തിയിരുന്നു.
- തൊഴിലിന് അപേക്ഷിച്ചുകൊണ്ട് എട്ടുപേരുടെ പേരും കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പും ഫയലിൽ ഉൾപ്പെടുത്തിയിരുന്നു.
- സൈറ്റ് ഡയറിയിൽ മുപ്പത്തി മൂന്ന് ദിവസങ്ങളിലായി 1,399 പ്രവർത്തി ദിനങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എം ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- എം ബുക്ക് പ്രകാരം 412 തെങ്ങിൻ കുഴി 210 മഴക്കുഴി 20 കമ്പോസ്റ്റ് എന്ന് രേഖപ്പെടുത്തിയിരുന്നു.
- ഫീൽഡ് തല പരിശോധനയിൽ 282 തെങ്ങിൻ കുഴി, 11 കമ്പോസ്റ്റ്, എന്നിവയാണ് കാണാൻ സാധിച്ചത്.
- ധനം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.

## മണപ്പഴഞ്ഞി മുതൽ തെക്കേക്കര തോട് പുനരുദ്ധാരണംW/C 310977



**ഫയൽ**

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ എല്ലാ വിവരങ്ങളും പൂർണമായി രേഖപ്പെടുത്തിയിട്ടില്ല.

• തൊഴിൽ ഡിമാൻഡ് ചെയ്ത 60 പേരും പ്രൊജക്റ്റ് മീറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്.

• ആക്ഷൻ പ്ലാനിൽ പ്രവർത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

• പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• വേജ് ലിസ്റ്റിൽ കൃത്യമായി തൊഴിലാളികളുടെ വേതനം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

• സൈറ്റ് ഡയറിയിൽ തൊഴിലുപകരണങ്ങളുടെ വാടക തൊഴിലാളികളുടെ സാക്ഷ്യപത്രം എന്നിവ ഉണ്ടായിരുന്നു

• സൈറ്റ് ഡയറിയിൽ ഫസ്റ്റ് എയ്ഡ് കിറ്റ്തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് നൽകേണ്ട സൗകര്യങ്ങൾ എന്നിവ പരാമർശിച്ചിട്ടില്ല.

• സന്ദർശക കുറിപ്പിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 500 മീറ്റർ പ്രവർത്തി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 400 മീറ്റർ പ്രവർത്തിയാണ് കാണാൻ സാധിച്ചത്, ബാക്കിഭാഗം വിലയിരുത്താൻ സാധിക്കാത്തവിധം കാടു പിടിച്ചിരുന്നു

• നിലവിൽ പ്രവർത്തി സ്ഥലം മലിനജലവും പായൽ നിറഞ്ഞതുമായ അവസ്ഥയാണ്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**ചരിഞ്ഞകാല മുതൽ ചിറ വരെ ചാനൽ പുനരുദ്ധാരണം. W/c 321151**



**ഫയൽ**

• കവർപേജ് അപൂർവ്വമായിരുന്നു.

• എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ഫോംമിൽ 50 പേർ ഗ്രൂപ്പ് ആയിട്ടാണ് തൊഴിലിനായി ഡിമാൻഡ് ചെയ്തിരിക്കുന്നത് എന്നാൽ എത്ര ദിവസം മുതൽ എത്ര ദിവസത്തേക്കാണ് തൊഴിൽ ആവശ്യപ്പെട്ടത് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

• പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• പ്രവർത്തി സ്ഥലത്ത് ഉണ്ടാകേണ്ട സൗകര്യങ്ങൾ, പ്രവർത്തിക്ക് ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം ചികിത്സാചെലവ് സംബന്ധിച്ച വിവരം ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

• വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം പ്രവർത്തി ആരംഭിച്ച തീയതി 4/ 1 /2019 എന്നും പ്രവർത്തി അവസാന തീയതി 23 /1 /2019 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കവർ പേജിൽ പ്രവർത്തി ആരംഭിച്ചിരിക്കുന്നത് 31 /12 /2018 എന്നും അവസാനിപ്പിച്ചത് 8/ 1/ 2019 എന്നാണ് കാണാൻ കഴിഞ്ഞത് .

**ഫീൽഡ്**

• Mbook പ്രകാരം 600 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്.

• ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രസ്തുത പ്രവർത്തിയിൽ കാണാൻ സാധിച്ചു.

## നെടിയാംകോട് മുതൽ കുരുന്തിയൂർ പനയിറയ്ക്കൽ  വരെ ചാനൽ പുനരുദ്ധാരണം w/c321150



**ഫയൽ**

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നെങ്കിലും അപൂർണ്ണമായിരുന്നു.

• തൊഴിലിനെ ഡിമാൻഡ് ചെയ്ത 62 പേരും പ്രോജക്ട് മീറ്റിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്.

• ചെക്ക്‌ലിസ്റ്റ്, ആക്ഷൻപ്ലാൻ, സർട്ടിഫിക്കറ്റ്, FTO സർട്ടിഫിക്കറ്റ്, എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടുണ്ട്.

• പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലും ഉള്ള ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• മസ്ട്രോൾ നമ്പർ 28268- 28699(12/2/2019-18/2/2019) വരെ ഉള്ളതിൽ തൊഴിലാളികളുടെ പേര് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. മറ്റു വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

• തുടർച്ചയായി പ്രവർത്തി ചെയ്യാത്തവരുടെ പേരുകൾ ഓരോ മസ്ട്രോളുകളിലും രേഖപ്പെടുത്തിയിരിക്കുന്നു.

• ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയ രംഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

• സൈറ്റ് ഡയറിയിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിരിക്കുന്നു.

• സന്ദർശക കുറിപ്പിൽ ഓവർസിയർ, AE എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 1500 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

• ഫീൽഡ് തല പരിശോധനയിൽ 800 മീറ്ററിലാണ് പ്രവർത്തി ചെയ്തിരിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചത്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

## വണ്ടി ചിറ മുതൽ കൊല്ലിയോട് വരെ ചാനൽ പുനരുദ്ധാരണം. W/C 321153



**ഫയൽ**

• കവർപേജ് അപൂർണമായിരുന്നു.

• തൊഴിലിന് ഡിമാൻഡ് ചെയ്ത 50 പേരും പ്രോജക്ട് മീറ്റിങ്ങിൽ പങ്കെടുത്തിട്ടുണ്ട്.

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട്. എന്നാൽ സർട്ടിഫൈ ചെയ്ത് ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

• വെജ് ലിസ്റ്റ് കൃത്യമാണ് ജോലി ചെയ്ത ഓരോ തൊഴിലാളികൾക്കും വേതനം നൽകിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

• സാങ്കേതികാനുമതി ഭരണാനുമതി തുടങ്ങിയ രേഖകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

• പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• സൈറ്റ് ഡയറി പ്രകാരം 17 ദിവസങ്ങളിലായി 501 പ്രവർത്തി ദിനങ്ങൾ ഉണ്ടായിരുന്നു.

• തൊഴിൽ ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

• സന്ദർശക കുറിപ്പിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

### ഫീൽഡ്

• മെഷർമെന്റ് ബുക്ക് പ്രകാരം 800 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്.

• ഫീൽഡ് തല പരിശോധനയിൽ500മീറ്റർ കാണാൻ സാധിച്ചു, എന്നാൽ സ്ഥലം പായൽ നിറഞ്ഞതും പുല്ലു നിറഞ്ഞതുമായിരുന്നു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു എന്നാൽ എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

## നെടിയാംകോട് മുതൽ ചരിഞ്ഞ കാലവരെ ചാനൽ പുനരുദ്ധാരണം

## W/c-321155



### ഫയൽ

- കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ കവർപേജ് ഉൾപ്പെടെയുള്ള രേഖകളിൽ ഉണ്ടായിരുന്നില്ല.
- തൊഴിലിന് ഡിമാൻഡ് ചെയ്ത 38 പേരും പ്രോജക്ട് മീറ്റിങ്ങിൽ ഉൾപെട്ടിട്ടുണ്ട്.
- സാങ്കേതിക അനുമതി ഭരണാനുമതി തുടങ്ങിയ രേഖകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
- പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളിലും ഉള്ള ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സൈറ്റ് ഡയറിയിൽ ഫസ്റ്റ് എയ്ഡ് കിറ്റ്, തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് നൽകേണ്ട സൗകര്യങ്ങൾ എന്നിവയെപ്പറ്റി പരാമർശിച്ചിട്ടില്ല.
- തൊഴിൽ ഉപകരണങ്ങളുടെ വാടക തൊഴിലാളികളുടെ സാക്ഷിപത്രം എന്നിവ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- വിജിലൻസ് ആൻഡ് മോണിറ്ററി റിപ്പോർട്ടിൽ 18 ദിവസം 421 പ്രവർത്തി ദിനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

### ഫീൽഡ്

- എം ബുക്ക് പ്രകാരം 462 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയത് ആയി രേഖപ്പെടുത്തിയിരിക്കുന്നത്.
- ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതയി മനസ്സിലാക്കാൻ സാധിച്ചു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

### മണപ്പഴിഞ്ഞി മുതൽ പിണറകാല വരെ ചാനൽ പുനരുദ്ധാരണം w/c 3211 54




#### ഫയൽ

• കവർപേജ് അപൂർവ്വമായിരുന്നു

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ  പ്രവർത്തിയുടെ പേര്, ചിലവായ തുക എന്നിവ  ഉണ്ടായിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഓപ്പ്  കാണാൻ സാധിച്ചില്ല.

• തൊഴിലിനായി ഡിമാൻഡ് ചെയ്ത 32 പേരും പ്രോജക്ട് മീറ്റിങ്ങിൽ പങ്കെടുത്തിട്ടുണ്ട്.

• സാങ്കേതികാനുമതി ഭരണാനുമതി തുടങ്ങിയ രേഖകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

• പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളുടെയും ഫോട്ടോ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• പ്രവർത്തി സ്ഥലത്ത് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ പ്രവർത്തിക്ക് ഉപയോഗിച്ച പണിയായുധങ്ങളുടെ വിവരം, ചികിത്സാചെലവ് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

• അഞ്ചു തൊഴിലാളികളുടെ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

#### ഫീൽഡ്

• എം ബുക്ക് പ്രകാരം 495മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയ രേഖപ്പെടുത്തിയിരിക്കുന്നത്.

• ഫീൽഡ് തല പരിശോധനയിൽ 300 മീറ്റർ  പ്രവർത്തിയാണ് വിലയിരുത്താൻ സാധിച്ചത്

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രസ്തുത പ്രവർത്തിയിൽ കാണാൻ സാധിച്ചു.

• പായലും ചെളിയും നിറഞ്ഞ നിലയിലാണ് ചാനലിലെ ഇപ്പോഴത്തെ അവസ്ഥ

## പൊതുവായ കണ്ടെത്തലുകൾ

1) ഫയലിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ അപൂർണ്ണമായ രേഖപ്പെടുത്തലുകലോടെ സൂക്ഷിച്ചിരിക്കുന്നു.

2) തൊഴിലാളികളും മേറ്റ് മാരും സ്വന്തമായി പണം മുടക്കിയാണ് ഫോട്ടോകൾ പ്രഥമശുശ്രൂഷ

കിറ്റുകൾ എന്നിവയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

3) വെജ് ലിസ്റ്റ് ക്രമരഹിതമായി ഫയൽ സൂക്ഷിച്ചിരിക്കുന്നു.

4)പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന 7 രജിസ്റ്ററുകൾ ഗ്രാമസഭ രജിസ്റ്റർ ഓരോ വാർഡിലും ആവശ്യമാണ്. എന്നാൽ ഇത്തരത്തിലൊരു രജിസ്റ്ററും ഉണ്ടായിരുന്നില്ല. ( തൊഴിൽ രജിസ്റ്റർ ഒഴികെ)

5) കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്ത രേഖകൾ എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു. തൊഴിൽ ചെയ്ത മൂന്ന് ഘട്ടങ്ങളുടെയും ഫോട്ടോകളുണ്ടായിരുന്നു.

6) പരിശോധനയ്ക്ക് വിധേയമായ മെഷർമെന്റ് ബുക്ക് ഒന്നും തന്നെ സർട്ടിഫൈഡ് ചെയ്തിട്ടില്ല.

7) പ്രവർത്തി നടപ്പിലാക്കിയ സ്ഥലങ്ങളിൽ മഴക്കുഴികൾ, ബണ്ടുകൾ എന്നിവ കൃത്യമായി കാണാൻ സാധിച്ചില്ല. അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തവിധം ഇവയൊക്കെ കാടുകയറിയ അവസ്ഥയായിരുന്നു.

8)തൊഴിൽ ചെയ്ത് 3 ഘട്ടങ്ങളിലെ യും ഫോട്ടോ ഉണ്ടായിരുന്നു.

9) ചാനൽ പുനരുദ്ധാരണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാകുന്നില്ല എന്ന് ബോധ്യപ്പെട്ടു.

10)എസ്റ്റിമേറ്റ് ജനകീയ ഭാഷയിലല്ല.

11) അംഗൻവാടികൾ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്.

## നിർദ്ദേശങ്ങൾ

• ഫയലിലെ രേഖകൾ സാക്ഷ്യപ്പെടുത്തലുകളോടു കൂടിയും പൂർണമായ രേഖപ്പെടുത്തലുകളോട് കൂടിയുംസൂക്ഷിക്കേണ്ടതാണ്.

- തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകേണ്ടതാണ്.
- പ്രവർത്തികൾ മനസ്സിലാക്കി പ്രയോജനമാകും വിധത്തിൽ ഏറ്റെടുക്കേണ്ടതാണ്.
- വാർഡിലെ അംഗൻവാടി വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്.
- തൊഴിലാളികൾ ഉന്നയിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി നടപടികൾ ഉണ്ടാകേണ്ടതാണ്

## ഗ്രാമ സഭയിലെ പരാമർശങ്ങൾ

റിപ്പോർട്ട് അവതരണത്തിനു ശേഷം യോഗത്തിൽ പങ്കെടുത്ത ഒരു വ്യക്തി റിപ്പോർട്ടിനെ വിമർശിച്ച് സംസാരിച്ചു. നിർവ്വഹണ ഏജൻസിയുടെ മറുപടിയെ തുടർന്ന് റിപ്പോർട്ട്  പാസാക്കിയതായി അറിയിച്ചു.

റിപ്പോർട്ട് തയ്യാറാക്കിയത്

BRP അനുശ്രീ

VRP അഞ്ജലി B.S

VRP ആതിര B.S

VRP രതി T.R

VRP ശ്രീജ S.V

VRP സുബിത. S

പാറശ്ശാല പഞ്ചായത്ത്

പാറശ്ശാല ബ്ലോക്ക്